00000

SUNDAY

04/05/2025

ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/05/2025

1. തൃശൂർ പൂരം 2025-ന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിക്കുന്ന പൂരം എക്സിബിഷനിൽ കാർഷിക സർവകലാശാല പുറത്തിറക്കിയ പുതിയ വിത്തിനങ്ങൾ പുതിയ സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനവും സർവകലാശാല വികസിപ്പിച്ചെടുത്ത വിത്തുകൾ, നടീൽ വസ്തുക്കൾ, വാല്യു ആഡഡ് പ്രോഡക്ടസ്, ജൈവജീവാണു വളങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉണ്ടായിരിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ സെന്റർ, ആറ്റിക്, കശുമാവ് ഗവേഷണ കേന്ദ്രം, അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കൊക്കോ റിസർച്ച് സ്റ്റേഷൻ, കണ്ണാറ ബനാന റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര അഗ്രികൾച്ചർ കോളേജ്, ഫോറസ്ട്രി കോളേജ്, പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രം, തുടങ്ങിയ സെന്ററിലെ ഉത്പന്നങ്ങൾ പ്രദർശനത്തിന് ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ (ATIC, Mannuthy), അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ **കേരഗംഗയുടെ** വലിയ തൈകളും, **പോളിബാഗ് തൈകളും** (മൊത്തം 200 എണ്ണം) ലഭ്യമാണ്. വില: വലിയ തൈ 325/-രൂപ പോളിബാഗ് 375/-രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല (വിവരങ്ങൾക്കായി 0487-2370540 - രാവിലെ 10 മുതൽ വൈകീട്ട് 5 വരെ ബന്ധപ്പെടാവുന്നതാണ്).

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് ഇൻസ്ട്രക്ഷണൽ ഫാമിൽ **'തളിർ'** എന്ന വേനലവധിക്കാല കാർഷിക പ്രായോഗിക പ്രവർത്തി പരിചയ പരിശീലന പരിപാടി **മെയ് 5 മുതൽ 9 വരെ** സംഘടിപ്പിയ്ക്കുന്നു. കൂൺകൃഷി, നെൽകൃഷി, പച്ചക്കറികളുടെവിളവെടുപ്പ്, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ഫലവൃക്ഷങ്ങളുടെ കായിക

പ്രജനന രീതികളായ ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, അലങ്കാര സസ്യങ്ങളുടെ പുനരുൽപ്പാദനരീതികൾ എന്നിവ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നു. **5 മുതൽ 9ാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കാണ്** അവസരം. രജിസ്ട്രേഷൻ ഫീസ് **1,000/-** മാത്രം. ഈ പരിപാടിയിലേയ്ക്ക് പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **9847465089, 7907803288** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

4. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് അംഗങ്ങൾക്ക് തടസ്സമില്ലാതെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അംഗങ്ങളുടെ ആധാർ കാർഡ്, ഉപയോഗത്തിലുള്ള ബാങ്ക് പാസ്ബുക്ക്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ ബോർഡിൻ്റെ സോഫ്റ്റ്വെയറിൽ ചേർക്കുന്നതിനായി എത്രയും വേഗം ജില്ലാ ഓഫീസിൽ ഹാജരാക്കണം. 2020 നു ശേഷം പുതിയ അംഗത്വം എടുത്തവരും വിവാഹം, പ്രസവം, ചികിത്സ, വിദ്യാഭ്യാസം എന്നീ ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിച്ചവരും വീണ്ടും രേഖകൾ നൽകേണ്ടതില്ല. ജനന തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി /ജനന സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഹാജരാക്കണം. ക്ഷേമനിധി പാസ്ബുക്കിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കണം.

5. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് 2 ടണ്ണിൽ താഴെ ശേഷിയുള്ള പിക്-അപ് വാഹനം വാടകയ്ക്ക് (ഡ്രൈവർ ഉൾപ്പെടെ) നൽകുവാൻ താല്പര്യമുള്ളവരിൽനിന്ന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു . ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിയതി 08/05 2025 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പൊടണ്ടതാണ്.

6. ക്ഷീരരംഗത്തെ കുടുംബങ്ങൾക്ക് സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2016 മുതൽ നടപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. പ്രതിദിനം കുറഞ്ഞത് ഏഴ് ലിറ്റർ പാൽ ഉൽപ്പാദന ശേഷിയുള്ള രണ്ട് മുതൽ 10 വയസ്സു വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഗർഭാവസ്ഥയുടെ അവസാന മൂന്ന് മാസത്തിലുള്ള പശുക്കളെയും ഏഴ് മാസത്തിൽ കൂടുതൽ ഗർഭാവസ്ഥയിലുള്ള കറവ വറ്റിയ ഉരുക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്താം.കന്നുകാലികളെ ഒന്ന്, മൂന്ന് വർഷത്തേക്ക് ഇൻഷുറൻസ് ചെയ്യാം. കന്നുകാലികളുടെ മരണം, ഉൽപാദനക്ഷമത നഷ്ടപ്പെടൽ, കർഷകൻ്റെ മരണം എന്നിവയ്ക്കാണ് പരിരക്ഷ ലഭിക്കുക. 65,000 രൂപ വരെ മതിപ്പ് വിലയുള്ള ഉരുവിന് ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 1,356 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 774 രൂപയുമാണ് വിഹിതം. മൂന്ന് വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 3,319 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 1,892 രൂപയുമാണ് വിഹിതം. 100 രൂപ പ്രീമിയത്തിൽ ഉടമകൾക്ക് അപകട മരണ ഇൻഷുറൻസ് പരിരക്ഷക്കും അർഹതയുണ്ടാകും. പരമാവധി അഞ്ച് ലക്ഷം രൂപയാണ് വ്യക്തിഗത അപകട പരിരക്ഷ. അതത് തദ്ദേശസ്ഥാപനങ്ങളിലെ വെറ്ററിനറി ആശുപത്രിയുമായി ബന്ധപ്പെട്ട് പദ്ധതിയിൽ അംഗമാകാം.

7. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ബോട്ടണി ഡിവിഷനിൽ 'പ്രൊജക്ട് ട്രെയിനി'യെ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് ബോട്ടണിയിലോ അഗ്രിക്കൾച്ചറിലോ

ബിരുദം ഉണ്ടായിരിക്കണം. 2025 ജനുവരി 31-ന് 30 വയസ്സ് കവിയാത്തവരായിരിക്കണം അപേക്ഷകർ. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മെയ് 08 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം